(ബി) സ്ഥാപനം പുനരുദ്ധരിച്ച് ഉൽപ്പാദനം പുനരാരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) കേരള സോപ്പ്സിൽ നിലവിൽ എത്ര തൊഴിലാളികൾ ഉണ്ടെന്നും മറ്റ് സ്ഥാപനങ്ങളിലേക്ക് ഡെപ്യൂട്ടേഷനിൽ പോയ തൊഴിലാളികൾ എത്രയാണെന്നും വിശദമാക്കാമോ;

(ഡി) കമ്പനി തുറന്ന് പ്രവർത്തിക്കുന്നില്ലെങ്കിൽ നിലവിൽ സ്ഥാപനത്തിലുള്ള തൊഴിലാളികൾക്ക് സംരക്ഷണം നൽകാൻ സ്വീകരിക്കുന്ന നടപടി എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) 1985-86 മുതൽ കേരളാ സോപ്പ്സ് ആൻറ് ഓയിൽസ് ലിമിറ്റഡ് തുടർച്ചയായി നഷ്ടം ഉണ്ടാക്കിക്കൊണ്ടിരിക്കുകയായിരുന്നു. ഈ സ്ഥിതിയിൽ കമ്പനി ലാഭകരമായി നടത്തി കൊണ്ടുപോകുവാൻ സാദ്ധ്യമല്ലാത്തതിനാൽ ജീവനക്കാരെ സാമൂഹിക സുരക്ഷിതത്വ പദ്ധതിയിൻ കീഴിൽ കൊണ്ടുവന്നതിനുശേഷം അടച്ചു പൂട്ടുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. ഇതുപ്രകാരം കേരള സോപ്പ്സ് ആൻറ് ഓയിൽസ് ലിമിറ്റഡിലെ ജീവനക്കാർക്ക് വി.ആർ.എസ്. നൽകുന്നതിനായി 567 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതുവരെ 74 ജീവനക്കാർക്ക് എസ്.ഏ.സ്.എൻ.പി. പ്രകാരം പിരിഞ്ഞു പോകുന്നതിലേക്കായി 162.85 ലക്ഷം രൂപ നൽകി കഴിഞ്ഞു. വി.ആർ.എസ്./എസ്.എസ്.എൻ.പി. പ്രകാരം പിരിഞ്ഞു പോകുന്ന ജീവനക്കാർക്ക് നൽകുവാനുള്ള ശമ്പളം മുതലായ ഇനങ്ങളിലുള്ള കുടിശ്ശികകൾ കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) നിലവിലുള്ള 221 ജീവനക്കാരിൽ 74 പേർ വി.ആർ.എസ്. പ്രകാരം പിരിഞ്ഞുപോയിട്ടുണ്ട്. ബാക്കിയുള്ള ജീവനക്കാരിൽ 54 പേർ ഡെപ്യൂട്ടേഷനിൽ പോയിരിക്കുകയാണ്.

(ഡി) ഇതുസംബന്ധിച്ച് സർക്കാർ തീരുമാനമൊന്നും എടുത്തിട്ടില്ല.

കോഴിക്കോട് അടച്ചുപൂട്ടിയ കേരള സോപ്പ്സിലെ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ

20 [2888] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് അടച്ചുപൂട്ടിയ കേരള സോപ്പ്സിലെ തൊഴിലാളികൾക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) തൊഴിലാളികൾ എത്ര പേർ നിലവിലുണ്ട്;

(സി) എത്ര പേർ വി.ആർ.എസ്. വാങ്ങിച്ച് പിരിഞ്ഞുപോയിട്ടുണ്ട്;

(ഡി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എത്ര പേർ മറ്റ് സ്ഥാപനങ്ങളിൽ ജോലി ചെയ്തുവരുന്നുണ്ട്;

(ഇ) വർഷങ്ങളായി പ്രവർത്തി നിലച്ച പ്രസ്തുത സ്ഥാപനത്തിലെ തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള സോപ്പ്സ് ആൻറ് ഓയിൽസിലെ ജീവനക്കാർക്ക് വി.ആർ.എസ്. നൽകുന്നതിനായി 567 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതുവരെ 74 ജീവനക്കാർക്ക് എസ്.എസ്.എൻ.പി. പ്രകാരം പിരിഞ്ഞുപോകുന്നതിലേയ്ക്കായി 162.85 ലക്ഷം രൂപ നൽകിക്കഴിഞ്ഞു. കൂടാതെ 93 ജീവനക്കാർക്ക് വി.ആർ.എസ്. അഡ്വാൻസായി 9.70 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

(ബി, സി) നിലവിലുള്ള 221 ജീവനക്കാരിൽ 74 പേർ വി.ആർ.എസ്./എസ്.എസ്.എൻ.പി. പ്രകാരം പിരിഞ്ഞുപോയിട്ടുണ്ട്.

(ഡി) ജീവനക്കാരിൽ 54 പേർ ഡെപ്യൂട്ടേഷനിൽ പോയിരിക്കുകയാണ്.

(ഇ) വി.ആർ.എസ്/എസ്.എസ്.എൻ.പി. പ്രകാരം പിരിഞ്ഞുപോകുന്ന ജീവനക്കാർക്ക് കുടിശ്ശിക നൽകുവാനുള്ള ശമ്പളം മുതലായവ നൽകുന്നതു സംബന്ധിച്ച്, ഇക്കാര്യത്തിനായി രൂപീകരിച്ചിട്ടുള്ള മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്. അന്തിമ തീരുമാനം ആയിട്ടില്ല.

തിരുവനന്തപുരം ടെക്നോപാർക്കിന്റെ പ്രവർത്തനം

21 [2889] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ടെക്നോപാർക്ക് എന്നാണ് പ്രവർത്തനം ആരംഭിച്ചത്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) 1991-ൽ എത്ര സ്ഥാപനങ്ങളാണിവിടെ പ്രവർത്തനത്തിൽ ഉണ്ടായിരുന്നത്;

(സി) 1996-ൽ എത്ര സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തനത്തിൽ ഉണ്ടായിരുന്നു;

(ഡി) 2001-ൽ എത്ര സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തനത്തിൽ ഉണ്ടായിരുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) തിരുവനന്തപുരം ടെക്നോപാർക്ക് 1994 ജൂലൈയിലാണ് പ്രവർത്തനം ആരംഭിച്ചത്.

(സി) 1996-ൽ 9 കമ്പനികൾ പ്രവർത്തിച്ചിരുന്നു.

(ഡി) 2001-ൽ 45 കമ്പനികൾ ഉണ്ടായിരുന്നു.

ഹാൻറക്സിന്റെ വിപണന കേന്ദ്രങ്ങൾ

22 [2891] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹാൻറെക്സിന് എത്ര വിപണന കേന്ദ്രങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ എവിടെയെല്ലാമാണ് വിപണന കേന്ദ്രങ്ങൾ ഉള്ളത്;

ചോദ്യം നമ്പർ 2890-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly